# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3116 — 18.06.2019-ൽ മറുപടിയ്ക്ക്

### വൈത്തിരി താലൂക്കിലെ വിവിധ പദ്ധതികൾ

ചോദ്യം : ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി : ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈത്തിരി താലൂക്കിൽ എത്ര ഏക്കർ ഭൂമി സർക്കാരിലേക്ക് കണ്ടുകെട്ടിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) ഭൂമി ഒന്നും സർക്കാരിലേക്ക് കണ്ടു കെട്ടിയിട്ടില്ല. |
| (ബി) സർക്കാർ ഭൂമി ലഭ്യമായിട്ടില്ലാത്തതിനാൽ ബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ള വിവിധ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത താലൂക്കിൽ സർക്കാർ പ്രഖ്യാപിച്ച വിവിധ പദ്ധതികൾ ആരംഭിക്കുവാൻ യോഗ്യമായ എത്ര അളവ് ഭൂമിയുണ്ടെന്ന് വിശദമാക്കാമോ; | (സി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ആരംഭിക്കുവാൻ യോഗ്യമായ റവന്യൂ ഭൂമി വൈത്തിരി താലൂക്കിൽ ലഭ്യമല്ല.<br>എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ പേരിൽ ലക്കിടിയിൽ 7.08 ഏക്കറോളം ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുണ്ട്, അതിൽ നിന്നും 4.17 ഏക്കർ ഭൂമി നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ NOC ലഭിച്ചിട്ടില്ല. |
| (ഡി) മുട്ടിൽ നോർത്ത് വില്ലേജിൽ സർക്കാർ ഏറ്റെടുത്ത ഭൂമിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ? | (ഡി) മുട്ടിൽ നോർത്ത് വില്ലേജിൽ ശ്രീ.ദേവി പ്രസാദ് മുതൽപേർ കൈയ്യേറി കൈവശം വച്ചിട്ടുള്ള 24.4040 ഹെക്ടർ സർക്കാർ ഭൂമി ഒഴിപ്പിച്ച് ഏറ്റെടുത്തിരുന്നുവെങ്കിലും ബഹു. ഹൈക്കോടതിയുടെ 10.01.2019-ലെ W.P.(C) 731/2019 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നത് തടഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ